ദേശീയ പെൻഷൻ പദ്ധതി - രജിസ്ട്രേഷൻ സംബന്ധിച്ച നിർദ്ദേശങ്ങൾ

ദേശീയ പെൻഷൻ പദ്ധതി ബാധകമായിട്ടുള്ള 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിച്ച സർക്കാർ ജീവനക്കാർക്കും 01.01.2004 മുതൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അഖിലേന്ത്യാ സർവ്വീസ് (കേരള കേഡര്) ഉദ്യോഗസ്ഥർക്കും PRAN (പെർമനെൻറ് റിട്ടയർമെന്റ് അക്കൌണ്ട് നമ്പര്) ലഭിയ്ക്കുന്നതിനായുള്ള രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് ട്രഷറി ഓഫീസർമാരുടെയും ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെയും രജിസ്ട്രേഷൻ പൂർത്തിയായി വരുന്നു. ഇതിനായി 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിച്ച സർക്കാർ ജീവനക്കാരുടെ വ്യക്തി വിവരങ്ങളും ഔദ്യോഗിക വിവരങ്ങളും അതാത് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരും 01.01.2004 മുതൽ തിരഞ്ഞെടുക്കപ്പെട്ട അഖിലേന്ത്യാ സർവ്വീസ് ഓഫീസർമാരുടെ വ്യക്തി വിവരങ്ങളും ഔദ്യോഗിക വിവരങ്ങളും ബന്ധപ്പെട്ട നിയമനാധികാരിയും (03.12.2013 ലെ 96/13/ധന നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം) SPARK ൽ എത്രയും വേഗം രേഖപ്പെടുത്തേണ്ടതാണ്. അതോടൊപ്പം എല്ലാ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ മാരും അവരവർക്ക് അനുവദിച്ചിട്ടുള്ള DDO രജിസ്ട്രേഷൻ നമ്പർ ട്രഷറികളിൽ നിന്നും ശേഖരിച്ച് SPARK ലെ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്ട്രേഷൻ നമ്പർ ലഭിച്ചിട്ടുള്ള ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെ കീഴിൽ വരുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും സർക്കാർ ജീവനക്കാരും 3.5cmx2.5cm വലിപ്പത്തിലുള്ള രണ്ട് ഫോട്ടോകള്, നിയമന ഉത്തരവ്, എസ്.എസ്.എല്.സി ബുക്ക് തുടങ്ങിയ രേഖകളുടെ പകർപ്പുകൾ എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർമാർക്കു മുമ്പാകെ റിപ്പോർട്ട് ചെയ്ത് SPARK ൽ നിന്നും ജില്ലാ ട്രഷറി ഓഫീസർ എടുത്തു നൽകുന്ന രണ്ട് സെറ്റ് PRAN ഫോമിൽ ഫോട്ടോ പതിച്ച് നോമിനേഷൻ വിവരങ്ങള്, ഒപ്പ് എന്നിവ രേഖപ്പെടുത്തി നൽകണം. ജില്ലാ ട്രഷറി ഓഫീസർമാർ ബന്ധപ്പെട്ട കോളങ്ങളിൽ ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്തിയ ശേഷം PRAN അപേക്ഷയുടെ ഒരു പകർപ്പ് സെൻട്രൽ റെക്കോഡ് കീപ്പിംഗ് ഏജൻസിയുടെ ഫസിലിറ്റേഷൻ സെന്ററുകളിൽ അയയ്ക്കേണ്ടതും ഒരു പകർപ്പ് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്കു നൽകേണ്ടതുമാണ്. അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ PRAN അപേക്ഷ ബോംബെയിലുള്ള സെൻട്രൽ റെക്കോഡ് കീപ്പിംഗ് ഏജൻസിയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്. സെൻട്രൽ റെക്കോഡ് കീപ്പിംഗ് ഏജൻസി/സെൻട്രൽ റെക്കോഡ് കീപ്പിംഗ് ഏജൻസി-ഫെസിലിറ്റേഷൻ സെന്റർ എന്നിവിടങ്ങളിൽ നിന്നും പെർമനെൻറ് റിട്ടയർമെന്റ് അക്കൌണ്ട് നമ്പർ ലഭിയ്ക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ അത് SPARK ൽ PRAN രേഖപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുള്ളിടത്ത് രേഖപ്പെടുത്തേണ്ടതും തുടർന്ന് ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമ ബത്തയുടെയും തുകയുടെ പത്ത് ശതമാനം

ദേശീയ പെൻഷൻ പദ്ധതി വിഹിതമായി കുറവു ചെയ്ത് ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്. ശമ്പളത്തിൽ നിന്നും ദേശീയ പെൻഷൻ പദ്ധതി വിഹിതം കുറവു ചെയ്യുന്നതിന്റെ നടപടി ക്രമങ്ങൾ 19.12.2013 തീയതിയിലെ സ.ഉ.(പി) നം.622/2013/ധന എന്ന ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലേക്കുള്ള ജീവനക്കാരുടെ വിഹിതം ഫെബ്രുവരി മാസത്തെ ശമ്പളത്തിൽ നിന്നും ഈടാക്കി തുടങ്ങേണ്ടതിനാൽ ഫെബ്രുവരി മാസത്തെ ശമ്പള ബിൽ SPARK ൽ തയ്യാറാക്കുന്നതിനു മുമ്പു തന്നെ ദേശീയ പെൻഷൻ പദ്ധതി ബാധകമായ ജീവനക്കാർക്ക് പെർമനന്റ് റിട്ടയർമെന്റ് അക്കൌണ്ട് നമ്പർ ലഭിച്ചിട്ടുണ്ടോ എന്ന് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ ഉറപ്പ വരുത്തേണ്ടതാണ്.

ഇതിനകം DDO രജിസ്ട്രേഷൻ നമ്പർ അനുവദിക്കപ്പെട്ടിട്ടുള്ള ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെ രജിസ്ട്രേഷൻ നമ്പർ ട്രഷറികളിൽ ലഭ്യമാണ്. ഇപ്രകാരം രജിസ്ട്രേഷൻ നമ്പർ ലഭ്യമായ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ അത് SPARK ൽ രേഖപ്പെടുത്തിയ ശേഷം തങ്ങളുടെ കീഴിലുള്ള ഉദ്യോഗസ്ഥരെ 06.02.2014 മുതൽ അതാത് ജില്ലാ ട്രഷറി ഓഫീസർമാർ മുമ്പാകെ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകേണ്ടതാണ്. ഇതിനകം DDO രജിസ്ട്രേഷൻ നമ്പർ ലഭിയ്ക്കുന്നതിനായി ട്രഷറികളിൽ വിവരം നൽകാത്ത ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ അടിയന്തിരമായി നിശ്ചിത ഫോർമാറ്റിൽ ബന്ധപ്പെട്ട ട്രഷറികളിൽ വിവരങ്ങൾ സമർപ്പിയ്ക്കേണ്ടതാണ്. ദേശീയ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകള്, സർക്കുലറുകൾ എന്നിവ ധനകാര്യ വകുപ്പ് വെബ്സൈറ്റിലെ ഗവണ്മെന്റ് ഓർഡർ എന്ന ലിങ്കിൽ ലഭ്യമാണ്. മുൻപ് PRAN ഫോം ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുള്ള ഉദ്യോഗസ്ഥരും മേൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം അപേക്ഷ പുതിയതായി സമർപ്പിയ്ക്കേണ്ടതാണ്. സെൻട്രൽ റെക്കോഡ് കീപ്പിംഗ് ഏജൻസിയുടെയും ഫെസിലിറ്റേഷൻ സെന്ററുകളുടെയും അഡ്രസ് താഴെ ചേർക്കുന്നു.

**CENTRAL RECORD KEEPING AGENCY-** NSDL e-Governance Infrastructure Ltd. ,1st floor, Times Tower, Kamala Mills Compound, Senapathi Bapat Marg, Lower Parel, Mumbai- 400 013

**CENTRAL RECORD KEEPING AGENCY-(FACILITATION CENTERS)**

1.Integrated Enterprices(India)Ltd,41/426, "SEEMA", Near Hotel Abad Metro, Rajaji Road, Ernakulam, Kochi.PIN-682035
Phone: 0484-2371494,0484-2384735
E-mail: cochinetds@integratedindia.in

2.Alankit Assignments Ltd, A.C.T Chamber, 1st floor, MKK Nair Road, Kochi.PIN-682025
Phone: 9747412862

E-mail: prakashum@alankit.com

3.Karvy Data Management Services Ltd, Cheruparampath Road, 1st Cross Road, Kadavanthra, Ernakulam.PIN-682020
Phone: 0484-2310884
E-mail: tincochin@karvy.com

4. Alankit Assignments Ltd, T.C 40/366, Srinivas & Krishna, 2nd Puthen Street, Thiruvananthapuram. PIN-695009
Phone: 0471-2472888
E-mail: skcatvm@yahoo.co.in

5. Karvy Data Management Services Ltd, Second Floor, Akshaya Tower, Sasthamangalam, Thiruvananthapuram. PIN-695010
Phone-0471-2725989
E-mail: tintvm@karvy.com